**കാലിക്കറ്റ് സർവകലാശാല**

83843/SDE-C-ASST-3/2023/Admn (II)

20.04.2023

**വിജ്ഞാപനം**

കാലിക്കറ്റ് സർവകലാശാല ബി എ /ബി എസ് സി /ബി കോം /ബിബിഎ (CBCSS- 2020 അഡ്മിഷൻ) പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ ഒന്ന് മുതൽ നാലു വരെ സെമെസ്റ്ററുകളുടെ ഭാഗമായുള്ള ഓഡിറ്റ് കോഴ്സ് എക്സാമിനേഷൻ, 2023 ഏപ്രിൽ അവസാന വാരം മുതൽ ഓൺലൈൻ ആയി നടത്തുന്നതാണ്. കാലിക്കറ്റ് സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഔദ്യോഗിക വെബ്സൈറ്റിൽ, ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്ന MCQs അടിസ്ഥാനമാക്കിയാണ് പരീക്ഷ നടത്തുന്നത്. ഒന്നാം സെമസ്റ്റർ - എൻവയോൺമെന്റ് സ്റ്റഡീസ്, രണ്ടാം സെമസ്റ്റർ - ഡിസാസ്റ്റർ മാനേജ് മെന്റ്, മൂന്നാം സെമസ്റ്റർ - ഹ്യൂമൻ റൈറ്റ്സ്, നാലാം സെമസ്റ്റർ - ജൻഡർ സ്റ്റഡീസ് എന്നിവയുടെ MCQs വെബ് സൈറ്റ് ൽ (www.sdeuoc.ac.in>Student zone) ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾ പ്രസ്തുത MCQs അടിസ്ഥാനമാക്കി പരീക്ഷക്ക് തയ്യാറാകേണ്ടതാണ് .

ഓരോ മാർക്ക് വീതമുള്ള 30 ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ. പരീക്ഷയുടെ പരമാവധി സമയം ഒരു മണിക്കൂർ ആണ്. പരമാവധി മാർക്ക് 30 ഉം പാസ് മാർക്ക് 12ഉം (40%) ആണ്. പരീക്ഷയുടെ വിശദമായ ഷെഡ്യൂളും പരീക്ഷ ഓൺലൈൻ ലിങ്കും കാലിക്കറ്റ് സർവകലാശാല വെബ് സൈറ്റ് ൽ (www.uoc.ac.in>StudentZone>Private Registration>Notification) പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗം CBCSS -2019 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം നടത്തിയ അതേ മാതൃകയിലാണ് ഈ വർഷം CBCSS -2020 അഡ്മിഷൻ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് യു ജി ഓഡിറ്റ് കോഴ്സ് ഓൺലൈൻ പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ വിദ്യാർഥികൾ SDE വെബ്സൈറ്റിൽ -യു ജി ഓഡിറ്റ് കോഴ്സ് - 2022 - നോട്ടിഫിക്കേഷൻ ലെ (How to attempt Audit Course Online Examination-Demo Video) പരീക്ഷ എഴുതുന്നതിനുള്ള പരിശീലനം നേടേണ്ടതാണ്.

Phone: 0494-2400288, 2407356, 2407494.

PRIVATE REGISTRATION
UNIVERSITY OF CALICUT

Ebrayi Kaniyankandi
Deputy Registrar

Deputy Registrar
Private Registration
University of Calicut